## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4543

18/05/2017 ൽ മറുപടിയ്ക്ക്

### മൺപാത്ര നിർമ്മാണ വ്യവസായ മേഖലയിലെ പ്രതിസന്ധി

ചോദ്യം
ശ്രീ.അബ്ദുൽ ഹമീദ്.പി

ഉത്തരം
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ മൺപാത്ര നിർമ്മാണ വ്യവസായ മേഖല പ്രതിസന്ധിയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതിസന്ധി പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ മൺപാത്ര നിർമ്മാണ വ്യവസായ മേഖലയ്ക്ക് ആവശ്യമായ കളിമണ്ണ് ലഭിക്കുന്നില്ല എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ 2008 ന് മുമ്പ് നികത്തപ്പെട്ട സ്ഥലങ്ങളിൽ കളിമൺ നിക്ഷേപമുണ്ടോയെന്നും ആയത് നിയമപരമായി ഖനനം ചെയ്യാൻ സാധിക്കുമോയെന്നും അറിയുന്നതിനായി പഠനം നടത്തിവരുന്നു. |
| (ബി) | ഈ മേഖലയെ മാത്രം ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ ദുരിതത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ലഭ്യതക്കുറവും ഉൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള പ്രയാസവും മൺപാത്ര നിർമ്മാണ മേഖലയിലെ മാത്രം ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾക്ക് പ്രയാസം സൃഷ്ടിക്കുന്നുണ്ട്. |
| (സി) | കളിമൺ ഖനനവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ഈ മേഖലയെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കളിമൺ ഖനനവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ബാധിക്കാതിരിക്കുന്നതിനും പരമ്പരാഗത കളിമൺ പാത്ര നിർമ്മാണ മേഖലയെ സഹായിക്കുന്നതിനുമായി പ്രതി വർഷം 50 മെട്രിക് ടൺവരെയുള്ള സാധാരണ കളിമണ്ണ് ഖനനം ചെയ്യുന്നതിന് പെർമിറ്റ്, റോയൽറ്റി എന്നിവ പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ളതാണ്. ഇപ്രകാരമുള്ള സാധാരണ കളിമണ്ണ് ഗതാഗതം ചെയ്യുന്നതിനുള്ള അനുവാദം |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അനുവദിച്ച് നൽകുന്ന തിരിച്ചറിയൽ കാർഡ് ഹാജരാക്കിയാൽ മതിയാകുന്നതാണ്. കൂടാതെ പരമ്പരാഗത കളിമൺ പാത്ര നിർമ്മാണ മേഖലയ്ക്കാവശ്യമായ സാധാരണ കളിമണ്ണ് ഖനനത്തിനായി പാരിസ്ഥിതികാനുമതി ഒഴിവാക്കിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ